അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതി തള്ളാവുന്നതാണ്. വായ്പ എടുത്തശേഷം വായ്പാക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പ മുതലിനത്തിൽ പരമാവധി 75,000 രൂപയുടെ ആനുകൂല്യവും ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന ഇതിലേക്കായി വായ്പ നൽകുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുകയും നൽകുന്ന ഓരോ വായ്പകളിൽനിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് വായ്പക്കാരനിൽനിന്നും ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അടക്കേണ്ടതായിട്ടുണ്ട്.

കൺസ്യൂമർഫെഡ് മുൻ എം.ഡി. നടത്തിയ ക്രമക്കേടുകൾ

107 (3261) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ് മുൻ എം.ഡി. ശ്രീ. റിജി ജി. നായരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യാൻ കാരണമായ ക്രമക്കേടുകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ടിയാനെതിരെ എത്ര തുകയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിജയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ടിയാനെതിരെ എന്നാണ് വിജിലൻസ് റിപ്പോർട്ട് നൽകിയത്; വിശദമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡ് മുൻ എം.ഡി. ശ്രീ. റിജി ജി. നായരെ 3-6-2015-ലെ സ.ഉ.(സാധാ)76/15/വിജി നമ്പർ ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന ആരോപണങ്ങളുടെ വെളിച്ചത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

1. കൺസ്യൂമർഫെഡിൽ 2011-12 കാലയളവിൽ സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികളിലും സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങളിലും ഇളവ് വരുത്തുകയും ചെയ്തതുമൂലം സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും കൺസ്യൂമർഫെഡിലേക്ക് സാധനങ്ങൾ വിതരണം ചെയ്ത വിതരണക്കാർക്ക് ലാഭമുണ്ടാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

2. ഫെഡറേഷന് ഉണ്ടായിരുന്നവാരം കുറഞ്ഞ അത്യാവശ്യ സാധനങ്ങൾ എത്തിക്കുന്നതിന് വിതരണക്കാരെ അനുവദിച്ചു.

3. വിവിധ തലങ്ങളിൽ സ്റ്റോക്ക് സംബന്ധിച്ച വ്യക്തമായ കണക്കുകൾ സൂക്ഷിക്കാതെ സ്റ്റോക്കിൽ കൃത്രിമം കാണിച്ചതിനെ തുടർന്ന് സർക്കാരിന് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാക്കി.

(ബി & സി) ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

കൺസ്യൂമർഫെഡ് അഴിമതി

108 (3262) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ് അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യുവെന്നും ഇതിൽ എത്ര കേസുകളിലാണ് അന്വേഷണം നടക്കുന്നതെന്നും വിശദമാക്കാമോ ;

(ബി) കൺസ്യൂമർ ഫെഡിലെ വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ പ്രസിഡന്റ് ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) ആഭ്യന്തര അന്വേഷണത്തിന് ഉത്തരവിട്ടശേഷം ആഭ്യന്തര പരിശോധനാതലവനെതിരെ ആഭ്യന്തര മന്ത്രി നേരിട്ട് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിരുന്നോ ;

(ഡി) ആഭ്യന്തര അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ വിജിലൻസ് അന്വേഷണത്തിന് കൈമാറിയിട്ടുണ്ടോ ?

ഉത്തരം

(എ) കൺസ്യൂമർഫെഡ് അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗം രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിജിലൻസ് അന്വേഷണ നടപടികൾ തുടർന്നുവരുന്നു.

(ബി) വിജിലൻസ് കേസിന്റെ പരിധിയിൽ പ്രസിഡന്റിനെ ഉൾപ്പെടുത്തിയതായി അറിയില്ല.

(സി & ഡി) ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly